# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4440 22/07/2015-ൽ മറുപടിയ്ക്ക്**

**മത്സ്യ-ചെമ്മീൻ വിത്തുകളുടെ ലഭ്യതക്കുറവ്**

**ചോദ്യം**

**ശ്രീ. സി. കൃഷ്ണൻ:**

(എ) കേരളത്തിൽ ഗുണമേന്മയുള്ള മത്സ്യ/ചെമ്മീൻ വിത്തുകൾ ലഭിക്കാത്ത പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

(എ) കേരളത്തിൽ ഫിഷറീസ് വകുപ്പിന് കീഴിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മറ്റ് ഏജൻസികൾക്കു കീഴിലും മത്സ്യ/ചെമ്മീൻ ഉല്പാദനം നടത്തുന്ന ഹാച്ചറികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ ആവശ്യം നിറവേറ്റുന്നതിന് മതിയായ എണ്ണം മത്സ്യ/ചെമ്മീൻ വിത്തുൽപ്പാദിപ്പിക്കാൻ സംസ്ഥാനത്തിന് കഴിയുന്നില്ല. ടി കുറവ് പരിഹരിക്കുന്നതിനായി അന്യസംസ്ഥാനങ്ങളിൽ നിന്നും, സ്വകാര്യ ഹാച്ചറികളിൽ നിന്നും ഗുണമേന്മ ഉറപ്പാക്കിയ മത്സ്യ/ചെമ്മീൻ വിത്തുകൾ കർഷകർക്ക് എത്തിച്ചുകൊടുക്കുന്നുണ്ട്. പി. സി. ആർ. ടെസ്റ്റ് നടത്തി ഗുണമേന്മ ഉറപ്പുവരുത്തിയ ചെമ്മീൻ വിത്തിനങ്ങളാണ് ഫിഷറീസ് വകുപ്പ് കർഷകർക്ക് നൽകുന്നത്.

2012-15 കാലയളവിൽ നടപ്പിലാക്കിയ മത്സ്യസമൃദ്ധി പദ്ധതി മുഖേന വിതരണം ചെയ്ത ചെമ്മീൻ ഇനങ്ങൾ അഡാക്കിന്റെ നിയന്ത്രണത്തിലുള്ള പി. സി. ആർ. ലാബുകളിൽ വൈറസ് രോഗബാധ നിർണ്ണയിക്കുന്നതിന്റെ 4 ടെസ്റ്റുകൾ നടത്തി ഗുണമേന്മ ഉറപ്പുവരുത്തിയാണ് കർഷകർക്ക് വിതരണം ചെയ്തത്. സംസ്ഥാനത്ത് നിലവിലുള്ള ഹാച്ചറികളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും ടി രംഗത്ത് കൂടുതൽ ഹാച്ചറികൾ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള അഴീക്കോട് ഹാച്ചറിയിൽ പി.സി.ആർ. ലാബ് 2013-14 വർഷമാണ് നിലവിൽ വന്നത്. White Spot Syndrom Virus Test ആണ് അഴീക്കോട് ഹാച്ചറിയിൽ നടത്തുന്നത്. 2013-14-ൽ 10 സാംപിളുകളും 2014-15-ൽ 32 സാംപിളുകളും പരിശോധിച്ചിട്ടുണ്ട്.

മത്സ്യഫെഡിന്റെ കീഴിലുള്ള തിരുമുല്ലവാരം (കൊല്ലം ജില്ല) മാപ്പിള ബേ (കണ്ണൂർ ജില്ല) കയ്പമംഗലം (തൃശ്ശൂർ ജില്ല) ഹാച്ചറികളിൽ പി.സി.ആർ. ലാബുകൾ ഉണ്ട്.

അഡാക്കിന് കീഴിൽ വർക്കല, ഓടയത്ത് ചെമ്മീൻ വിത്തുല്പാദന കേന്ദ്രം പ്രവർത്തിച്ചു വരുന്നുണ്ട്. ടി ഹാച്ചറിയോടനുബന്ധിച്ച് ചെമ്മീൻ കർഷകർക്ക് ചെമ്മീൻ കുഞ്ഞുങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി ഒരു പി.സി.ആർ ലാബും ഉണ്ട്. കൂടാതെ എറണാകുളത്ത്, നോർത്ത് പറവൂരിലും, കുമ്പളങ്ങിയിലും ഓരോ പി.സി.ആർ. ലാബുകളും പ്രവർത്തിച്ചു വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഓടയത്തെ പി.സി.ആർ. ലാബിൽ 116 സാമ്പിളുകളും, നോർത്ത് പറവൂർ, കുമ്പളങ്ങി എന്നീ ലാബുകളിലായി 343 സാമ്പിളുകളും പരിശോധിയ്ക്കുകയുണ്ടായി.

**സെക്ഷൻ ആഫീസർ**